**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1538** **19-09-2025 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.ടി. കെമിസ്ട്രി ജൂനിയർ റാങ്ക് ലിസ്റ്റിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 29.08.2024ന്ന നിലവിൽ വന്ന എച്ച്.എസ്.എസ്.ടി. കെമിസ്ട്രി ജൂനിയർ റാങ്ക് ലിസ്റ്റിൽനിന്നും (കാറ്റഗറി നമ്പർ 740/ 2021) നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര ഒഴിവുകളിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | എച്ച്.എസ്.എ/എൽ.പി.എസ്.എ/യു.പി എസ്.എ, ലാബ് അസിസ്റ്റന്റ്, മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും എച്ച്.എസ്.എസ്.റ്റി -ജൂനിയർ (കെമിസ്ട്രി) തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിനായി മാറ്റി വെച്ചിരുന്ന 50 ഒഴിവുകൾ, ഭാവിയിലെ പി.എസ്.സി മുഖേനയുള്ള നിയമനത്തിനുള്ള 50 ഒഴിവുകൾ ബൈ ട്രാൻസ്ഫർ നിയമനത്തിനായി മാറ്റിവെക്കണമെന്ന വ്യവസ്ഥയിൽ അന്ന് നിലവിലുണ്ടായിരുന്ന എച്ച്.എസ്.എസ്.റ്റി - ജൂനിയർ (കെമിസ്ട്രി) റാങ്ക് ലിസ്റ്റിൽ നിന്നും നേരിട്ടുള്ള നിയമനത്തിനായി കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ലാബ് അസിസ്റ്റന്റ് വിഭാഗത്തിൽ നിന്നുള്ള ബൈ ട്രാൻസ്ഫർ ഉദ്യോഗാർത്ഥിയായ ശ്രീമതി.നിമ്മിദാസ് പി ഫയൽ ചെയ്ത OA(EKM) 1473/2022മേലുള്ള ഉത്തരവിൽ ടി 50 ഒഴിവുകളിൽ ബൈ ട്രാൻസ്ഫർ മുഖേന നിയമനം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 50 ഒഴിവുകൾ അസാധുവാക്കുന്നതിന് പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) ഡയറക്ടർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന് കത്ത് നൽകിയിട്ടുണ്ട്. ഇതിനുള്ള മറുപടി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിലവിലെ എച്ച്.എസ്.എസ്.ടി -ജൂനിയർ (കെമിസ്ട്രി) (കാറ്റഗറി നം.740/2021) റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമങ്ങൾക്കായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയൂ. |

| | | | |
|---|---|---|---|
| (ബി) | മേൽപ്പറഞ്ഞ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ താൽപര്യം സംരക്ഷിക്കുന്ന രീതിയിൽ പരമാവധി നിയമനങ്ങൾ നൽകുന്നതിനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ? | (ബി) | **എച്ച്.എസ്.എ/എൽ.പി.എസ്.എ/യു.പി. എസ്.എ, ലാബ് അസിസ്റ്റന്റ്, മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും എച്ച്.എസ്.എസ്.റ്റി -ജൂനിയർ (കെമിസ്ട്രി) തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിനായി മാറ്റി വെച്ചിരുന്ന 50 ഒഴിവുകൾ, ഭാവിയിലെ പി.എസ്.സി. മുഖേനയുള്ള നിയമനത്തിനുള്ള 50 ഒഴിവുകൾ ബൈ ട്രാൻസ്ഫർ നിയമനത്തിനായി മാറ്റിവെക്കണമെന്ന വ്യവസ്ഥയിൽ അന്ന് നിലവിലുണ്ടായിരുന്ന എച്ച്.എസ്.എസ്.റ്റി - ജൂനിയർ (കെമിസ്ട്രി) റാങ്ക് ലിസ്റ്റിൽ നിന്നും നേരിട്ടുള്ള നിയമനത്തിനായി കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ലാബ് അസിസ്റ്റന്റ് വിഭാഗത്തിൽ നിന്നുള്ള ബൈ ട്രാൻസ്ഫർ ഉദ്യോഗാർത്ഥിയായ ശ്രീമതി.നിമ്മിദാസ് പി ഫയൽ ചെയ്ത OA(EKM) 1473/2022മേലുള്ള ഉത്തരവിൽ ടി 50 ഒഴിവുകളിൽ ബൈ ട്രാൻസ്ഫർ മുഖേന നിയമനം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 50 ഒഴിവുകൾ അസാധുവാക്കുന്നതിന് പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) ഡയറക്ടർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന് കത്ത് നൽകിയിട്ടുണ്ട്. ഇതിനുള്ള മറുപടി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിലവിലെ എച്ച്.എസ്.എസ്.ടി -ജൂനിയർ (കെമിസ്ട്രി) (കാറ്റഗറി നം.740/2021) റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾക്കായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയൂ.** |

സെക്ഷൻ ഓഫീസർ